വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത.വി.കുമാർ ഐ എ എസ് )

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐസിഡിഎസ് - 2022-23 സാമ്പത്തിക വർഷത്തിൽ-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് 140 അങ്കണവാടി കെട്ടിട നിർമ്മാണം -3 അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-
1. കേന്ദ്രസർക്കാരിന്റെ 31/03/2023 തീയതിയിലെ CD-II-14/36/2022-CD-II നമ്പർ കത്ത്
2. സ.ഉ.(സാധാ) നം 340/2023/WCDD തീയതി. 13/06/2023
3. ഈ കാര്യാലയത്തിലെ 14/06/2023 തീയതിയിലെ DWCD 1999 2023-ICDS A7 നമ്പർ ഉത്തരവ്
4. പാലക്കാട്,ഇടുക്കി പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള പ്രപ്പോസലുകൾ

**<u>ഉത്തരവ് നമ്പർ DWCD/1999/2023-ICDSA7 തീയതി: 06.06.2025</u>**

കേന്ദ്രാവിഷ്കൃതപദ്ധതികളുടെ പുതിയ കോസ്റ്റ്നോംസ് പ്രകാരം MGNREGA-യുമായി സംയോജിപ്പിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി പരാമർശം (1) പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടനിർമ്മാണത്തിന് 8 ലക്ഷം രൂപ MGNREGA വിഹിതവും, 2 ലക്ഷം രൂപ ഫിനാൻസ് കമ്മീഷൻ ഫണ്ടും, 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകളും വഹിക്കുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ കേന്ദ്രവിഹിതമായ 168 ലക്ഷം രൂപ പരാമർശം (1) പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു അങ്കണവാടിയ്ക്ക് 2,00,000 രൂപ നിരക്കിൽ 140 അങ്കണവാടിയ്ക്ക് 60% കേന്ദ്ര വിഹിതമായ 1,68,00,000/- രൂപയും സംസ്ഥാനവിഹിതമായ 1,12,00,000/- രൂപയും ചേർത്ത് ആകെ 2,80,00,000/- (രണ്ട് കോടി എൺപത് ലക്ഷം രൂപ ) അനുവദിച്ചും, ടി തുക വിനിയോഗിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (2) പ്രകാരം ലഭിക്കുകയും പ്രസ്തുത തുക MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ വനിത ശിശുവികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ (Account no 0889104000111751) പരാമർശം (3) പ്രകാരം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്.

സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 3 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം കെട്ടിടനിർമ്മാണാനുമതി ആവശ്യപ്പെട്ട് കെട്ടിടനിർമ്മാണത്തിന് ലഭ്യമായിട്ടുള്ള സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം, ധനകാര്യകമ്മീഷൻ ഫണ്ട്/തനത് ഫണ്ട് വകയിരുത്തിക്കൊണ്ടുള്ള കമ്മറ്റി തീരുമാനം, സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം പരാമർശം (4) പ്രകാരം പ്രോഗ്രാം ഓഫീസർമാരിൽ നിന്നും പ്രപ്പോസലുകൾ ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള പ്രപ്പോസലുകൾ പരിഗണിച്ച് ചുവടെ ചേർത്തിട്ടുള്ള 3 അങ്കണവാടികൾക്ക് MGNREGS പദ്ധതിയുടെ പുതുക്കിയ കോസ്റ്റ് നോംസ് പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ ആകെ 3 അങ്കണവാടികൾക്ക് 6.00,000/-(ആറു ലക്ഷം രൂപ

മാത്രം) വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | പ്രൊജക്റ്റ് | പഞ്ചായത്ത് | സെന്റർ നമ്പർ |
|---|---|---|---|---|
| 1 | ഇടുക്കി | നെടുങ്കണ്ടം അഡീഷണൽ | സേനാപതി | 62 |
| 2 | പാലക്കാട് | പട്ടാമ്പി | ഓങ്ങല്ലൂർ | 20 |
| 3 | പാലക്കാട് | പട്ടാമ്പി | ഓങ്ങല്ലൂർ | 13 |

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിക്കുന്ന 6,00,000/- (ആറു ലക്ഷം രൂപ) രൂപ MGNREGA സ്കീമിനായി (scheme code KL 257) IDBI ബാങ്കിൽ ആരംഭിച്ചിട്ടുള്ള Account no 0889104000111751 ( IFSC code IBKL 0000889) എന്ന SNA അക്കൗണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതും, PFMSൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1.1 Construction of Anganwadi Centres എന്ന കംമ്പോണന്റിൽ നിന്നും MGNREGA മിഷൻ ഡയറക്ടറുടെ Child Agency Account ലേയ്ക്ക് ഫണ്ട് അനുവദിക്കേണ്ടതുമാണ്.

ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ MGNREGA മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് തുക ചെലവഴിക്കുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം/SOE എന്നിവ ലഭ്യമാക്കേണ്ടതുമാണ്. പ്രോഗ്രാം ആഫീസർ,സിഡിപിഒ എന്നിവർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശുവികസന ഡയറക്ടർ**

മിഷൻ ഡയറക്ടർ
MGNREGS,തിരുവനന്തപുരം

പകർപ്പ്:
1.പ്രോഗ്രാം ഓഫീസർ: ഇടുക്കി, പാലക്കാട്
2.ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്
3.കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**